# വചനവിചിന്തനം 2010 ഫെബ്രുവരി 14, ഞായർ

## മത്തായി 4:1–11

### നോമ്പ് :

ആത്മശിക്ഷണത്തിന്റെ അമ്പതു നാളുകൾ നീളുന്ന തപസ്സ് ഒരുപക്ഷേ നമ്മുടെ കാലഘട്ടത്തിന്റെ ബുദ്ധിയോടും ചിന്തകളോടും ഭാവാത്മകമായി സംവദിക്കുന്നുണ്ടാവില്ല. കാലപ്രവാഹത്തിലെ കുത്തൊഴുക്കുകളെ അതിജീവിക്കാൻ ബദ്ധപ്പെടുന്ന ഒരു പുണ്യലാവണമാണ് നോമ്പ് എന്ന് പറയേണ്ടിവരുന്നു.

''തിന്നാതിരിക്കുന്നതിലോ കുടിക്കാതിരിക്കുന്നതിലോ ആണോ നോമ്പ് ''എന്നു ചോദിച്ച് കടന്നുപോകുമ്പോൾ ഉപേക്ഷിക്കാൻ വയ്യാത്തവിധം ഉള്ളോട് ഒട്ടിച്ചേർന്നു നിൽക്കുന്ന ചില കാമനകളെ താലോലിക്കുന്ന മനസ്സിനെ ഈ ചോദ്യത്തിൽ നാം ഒളിപ്പിക്കുന്നുണ്ട്.

മനുഷ്യന്റെ എറ്റവും ശക്തിയേറിയ രണ്ടു ജൈവചോദനകൾ; ഒന്നു ഭക്ഷണവും, രണ്ട് ലൈംഗികതയുമാണ് എന്ന് ചില മനശാസ്ത്രവിദഗ്ദർ – ഒരു പക്ഷേ ഭക്ഷണത്തേക്കാളും  തീഷ്ണമായ ചോദന സെക്സ് തന്നെ. അങ്ങനെയെങ്കിൽ ഒരു നേരം ഭക്ഷണം വേണ്ട എന്നു വയ്ക്കുകയോ, ഏറ്റവും പ്രിയതരമായ ഭക്ഷണം വേണ്ട എന്നു വയ്ക്കുകയോ ചെയ്യാനാവാത്തവിധം അതിനെ കീഴടക്കാൻ സാധിക്കാത്ത ഒരാൾ ഉടലിന്റെ കാമനകൾക്കു മുമ്പിൽ എത്രയോ ദയനീയമായി കുഴഞ്ഞ് വീഴാൻ ഇടയുണ്ട് എന്നോർത്തിട്ടാവണം തിന്നുന്നതിലെയും കുടിക്കുന്നതിലെയും ധാർമ്മികത അളക്കാൻ.

ഈ സത്യത്തെ മറയില്ലാതെ പൗലോസ് അവതരിപ്പിക്കുന്നുണ്ട് ''ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിൻമയാണ് ഞാൻ ചെയ്യുന്നത്. അത് എന്നിൽ പ്രവർത്തിക്കുന്ന തിൻമയുടെ ശക്തികൊണ്ടാണ് '' എന്ന് ഞാനറിയുന്നു. മൂന്നാം സ്വർഗ്ഗം വരെ ഉയർത്തപ്പെട്ടു എന്നു പറയുന്നവനും ക്രിസ്തുവിനുവേണ്ടി ഏറെ പീഢനങ്ങൾ ഏറ്റവനുപോലും കീഴടക്കാൻ ബുദ്ധിമുട്ടുന്ന ശക്തിയാണ് ഇത്.

നോമ്പ് വിളമ്പുന്ന പ്രസാദം ഈ പുണ്യത്തിന്റേതാണ് – ശരിരത്തിന്റെ ഇച്ഛകളെ മനസ്സിന്റെ ബലം നേടി കീഴടക്കാനുള്ള പുണ്യം. ഇച്ഛിക്കാത്ത തിന്മകളിലേക്ക് വഴുതി മാറാതിരിക്കാൻ  ഇച്ഛാശക്തിയുണ്ടാവുക.

കല്ലുകളെ അപ്പമാക്കാൻ സാധ്യതയുണ്ടായിരുന്നിട്ടും ഈശോ അതു ചെയ്യാതിരിക്കുന്നത് ഭക്ഷണത്തിനു വേണ്ടി (അപ്പത്തിനു വേണ്ടി) മാത്രം ജീവിക്കുന്നതിന്റെ നിരർത്ഥകത കൂടി വ്യക്തമാക്കുവാനാണ്. ഭക്ഷണത്തിന് അടക്കാനാവാത്ത എത്രയോ വിശപ്പിന്റെ തലങ്ങളുണ്ട് ജീവിതത്തിന്. സ്നേഹത്തിനുവേണ്ടിയുള്ള വിശപ്പിനെ അപ്പത്തിന് ഒടുക്കാനാവുമോ. കൊട്ടാരം പോലൊരു വീട്ടിൽ ഒരമ്മയും വേലക്കാരിയും പട്ടിയും മാത്രമുണ്ട്. വിദേശത്തുള്ള മക്കൾക്ക് അമ്മയോടുള്ള സ്നേഹം ബാങ്ക് അക്കൗണ്ട് വഴിയാണ്. വർഷങ്ങളായി മക്കളെ കണ്ടിട്ട്, ആകെ തളർന്നുപോയ അമ്മയുടെ നിലവിളി അപ്പത്തിനുവേണ്ടിയല്ല.  ''അമ്മേ'' എന്നൊന്നു വിളിക്കുന്ന മക്കളുടെ സ്നേഹത്തിനു വേണ്ടിയാണ്.

കല്ലുകളെയൊക്കെ ചില വിശപ്പകറ്റാനുള്ള സാധ്യതയാണെന്നറിയുന്നിടത്താണ് ജീവിതം ഉടഞ്ഞുചിതറുന്നത്. ബാംഗ്ലൂരിൽ നിന്ന് സ്ലീപ്പർ കോച്ച് ബസിൽ എല്ലാ ആഴ്ചാവസാനവും നാട്ടിലേക്ക് വരുന്ന പെൺകുട്ടി, ചിലരുടെ ആവശ്യങ്ങൾക്കുവേണ്ടി സഹശയനം നടത്തി വാങ്ങുന്നത് ശരീരത്തിന്റെ വിലയാണ്. പണത്തിനുവേണ്ടിയുള്ള ഒടുങ്ങാത്ത വിശപ്പിൽ ശരീരം വില്ക്കുകയാണ്. പണം കൊടുത്ത് ശരീരം വാങ്ങുന്നവനും ഒടുക്കാൻ

ശ്രമിക്കുന്നത് ഉടലിന്റെ വിശപ്പിനേയാണ്. കല്ലുകളെ അപ്പമാക്കിയിട്ടും ആരുടേയും വിശപ്പ് ശമിക്കുന്നില്ലല്ലോ. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞത് "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ലല്ലോ ജീവിക്കുന്നത്- ദൈവത്തിന്റെ വചനം കൊണ്ടാണ് " എന്ന്.

വചനം കൊണ്ട് ജീവിക്കുന്നവരുണ്ട്. മറ്റുള്ളവരുടെ വിശപ്പടക്കുന്നവരുമുണ്ട്. ഇടുക്കിയിലൊരു " സ്നേഹമന്ദിരം " എന്ന സ്ഥാപനം. രാജു എന്ന മനുഷ്യനും കുടുംബവും കൂടി പരിപാലിക്കുന്നത് 204 പേരെ. മാനസീകരോഗികളും, വൃദ്ധരും, കുഞ്ഞുങ്ങളും, അനാഥരുമെല്ലാമുണ്ട് അവിടെ. എല്ലാവർക്കും തൃപ്തിയാണ്. സ്വന്തമായി യാതൊരു ആസ്തിയുമില്ലാത്ത സ്ഥാപനം. പക്ഷേ ഒരുപാടു പേരുണ്ട് അവരെ സഹായിക്കാൻ. ഒരു നേരം പോലും വിശക്കാതെ ഉണ്ണുന്നുണ്ട് ആ വലിയ കുടുംബം. എങ്ങനെ നടത്തുന്നു എന്ന് ചോദിച്ചാൽ " എല്ലാം ദൈവം പരിപാലിക്കും " എന്ന ആത്മവിശ്വാസത്തിന്റെ സ്വത്തവകാശി, ഒരു ചിരിയിൽ ഒളിപ്പിക്കും ചോദ്യകർത്താവിന്റെ ആശങ്കയെ.

അപ്പോൾ, എല്ലാ വിശപ്പിനെയും അകററുന്നത് വചനമാണ്. അതുകൊണ്ടല്ലേ എസക്കിയേൽ പ്രവാചകനോട് ദൈവം പറഞ്ഞത് – " ഈ ചുരുൾ ഭക്ഷിച്ച് വയർ നിറയ്ക്കുക" എന്ന്.

ഒരപ്പത്തിനുമാവില്ല നിന്റെ വിശപ്പുകൾ ഒടുക്കാൻ എന്നറിഞ്ഞിട്ട് നിറവുതരുന്ന വചനം ഭക്ഷിക്കാനും അങ്ങനെ ജീവിക്കാനും സാധിക്കുംവിധം നിന്റെ ജീവിതത്തെ ശിക്ഷണം ചെയ്യുന്നതാവണം നോമ്പിന്റെ തപസ്സ്.

ദൈവാലയത്തിന്റെ അഗ്രത്തുനിന്ന് ചാടുക – എന്നത് ഒരു പൈശാചിക പ്രലോഭനം തന്നെയാണ്. പ്രശസ്തിയും അധികാരവും ലഹരി പോലെയാണ്. ചിലർക്ക് അതുവല്ലാതെ തലയ്ക്കു പിടിക്കും. പിന്നെ ദൈവം കൊടുക്കുന്ന സംരക്ഷണത്തിനു വിലയിടും- മാലാഖമാരില്ലേ നിന്നെ താങ്ങാൻ എന്ന സ്തുതിവാക്കും കേൾക്കാം. ആത്മീയതലത്തിലും ഭൗതികതലത്തിലും ഒത്തിരിപ്പേരുടെ വീഴ്ചയ്ക്ക് അത് കാരണമാകുന്നുണ്ട്.

പിന്നെ മഹത്വം നേടാൻ ആരെ കുമ്പിട്ടാരാധിച്ചാലും, ലോകത്തിന്റെ സ്വപ്നങ്ങൾ എല്ലാം സ്വന്തമാക്കാൻ, അതിന്റെ വഴികൾ എന്തുമാകട്ടെ. തിന്മയുടെ ബന്ധനങ്ങൾക്കും, പാപങ്ങൾക്കും, പാതകങ്ങൾക്കും സ്വന്തം ജീവിതം കുമ്പിട്ട്, രക്തം പുരണ്ട പണം സ്വന്തമാക്കുക, ഈ കാലത്തിന്റെ ഏറ്റവും വലിയ രോഗമാണിത്. ഒടുവിൽ യൂദാസിനെപ്പോലെ, നാണയത്തുട്ടുകൾ പോലെ, ചിതറിപ്പോകുന്ന ജീവിതം.

നോമ്പ് നിന്നെ ചെത്തിമിനുക്കുന്ന ദിവസങ്ങളാകണം ഉള്ളിന്റെ പ്രിയതരങ്ങളായ ഇഷ്ടങ്ങളെ ഉപവാസത്തിന്റെ അഗ്നിയിൽ ശോധന ചെയ്യുന്ന ഊഷരദിനങ്ങൾ.

**ഫാ. അലക്സ് വേലച്ചേരിൽ.**